"ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം/ അടിയന്തിരം**

**നമ്പർ: H4-33751/17**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 23.10.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. സജീവ് ആർ.,
കൊച്ചു പുതുവീട്,
പെരുമൺ പി.ഒ.,
പെരിനാട്, കൊല്ലം,
പിൻ- 691 601.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 - ശ്രീ. സജീവ് ആർ. നൽകിയ അപേക്ഷ - സംബന്ധിച്ച്.

സൂചന: താങ്കളുടെ 18.09.2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചനയിലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

24.07.2017 ലെ താങ്കളുടെ അപേക്ഷ ഈ കാര്യാലയത്തിൽ ലഭ്യമായതായി കണ്ടെത്തിയിട്ടില്ല.

(എ) താങ്കൾ നൽകിയ അപേക്ഷയിലെ ചോദ്യങ്ങൾ അവ്യക്തവും വിഷയാധിഷ്ഠിതവുമല്ലാത്തതിനാൽ മറുപടി നൽകാൻ കഴിയാത്തതാണ്.

മുകളിൽ പരാമർശിച്ചിട്ടുള്ള മറുപടിയിൽ താങ്കൾ തൃപ്തനല്ലാത്തപക്ഷം നിശ്ചിത സമയപരിധിക്കുള്ളിൽ ചുവടെപ്പറയുന്ന വിലാസത്തിൽ താങ്കൾക്ക് അപ്പീൽ നൽകാവുന്നതാണ്.

അപ്പലേറ്റ് അതോറിറ്റിയുടെ വിലാസം:

**അഡീഷണൽ ഡയറക്ടർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**5- ാം നില, വികാസ് ഭവൻ,**
**തിരുവനന്തപുരം - 695 033.**

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
**സാമൂഹ്യനീതി ഡയറക്ടറേറ്റ്**

PL

നം. H4/33751/17(1)

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 29..11..2017
Email : swdkerala@gmail.com
Phone: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

ജില്ലാ സാമൂഹ്യനീതി ഓഫീസർ
കൊല്ലം

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - ശ്രീ. സജീവ്.ആർ - നിവേദനം - റിപ്പോർട്ട് നൽകുന്നത് - സംബന്ധിച്ച്.

സൂചന :വികലാംഗ കമ്മീഷണറേറ്റിൽ നിന്നുള്ള 22..9..17 ലെ 1179/17/S2/SCPWD നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. സജീവ് നൽകിയ നിവേദനത്തിൽ വിശദമായി അന്വേഷണം നടത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

**<u>വിവരാവകാശം / അപ്പീൽ</u>**

നം. H4/33751/17(2)

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 29..11..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

ശ്രീ. സജീവ്. ആർ
കൊച്ചു പുതുവീട്
പെരുമൺ.പി.ഒ
പെരിനാട്, കൊല്ലം -691601

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 - അപ്പീൽ - സംബന്ധിച്ച്.

സൂചന :താങ്കളുടെ 31/10/17 ലെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ നൽകിയ അപ്പീലിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും നൽകിയ മറുപടി തെറ്റാണെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ 24..7..17 -ൽ താങ്കൾ അപേക്ഷ നൽകിയത്. ഡയറക്ടർ, സാമൂഹികക്ഷേമ വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിലാണ്. പ്രസ്തുത വിലാസത്തിൽ ~~ഓഫീസ്~~ സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ (അനക്സ്) ആണ് പ്രവർത്തിക്കുന്നത്. ഇവിടെ അംഗൻവാടികളുടെ കാര്യങ്ങളാണ് കൈകാര്യം ചെയ്യുന്നത്. അവിടെ നിന്നും താങ്കളുടെ അപേക്ഷ വികലാംഗക്ഷേമ കോർപ്പറേഷനിലേക്ക് കൈമാറുകയും ആയത് 26/10/17 -ന് റിപ്പോർട്ടിനായി സാമൂഹ്യനീതി ഡയറക്ടറേറ്റിലേക്ക് കമ്മീഷണറേറ്റിൽ നിന്നും അയച്ചു തരികയുമാണുണ്ടായത്. അതിൻ പ്രകാരം താങ്കളുടെ അപേക്ഷ റിപ്പോർട്ടിനായി കൊല്ലം ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

താങ്കൾ വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകേണ്ടിയിരുന്നത് വിവരാവകാശ ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, 5 -ാം നില, വികാസ് ഭവൻ, തിരവുനന്തപുരം എന്ന മേൽവിലാസത്തിലായിരുന്നു. ഈ സാഹചര്യത്തിൽ വിവരാവകാശ നിയമ പ്രകാരം ഇവിടെ നിന്നും നൽകിയ മറുപടി ശരിയാണ് എന്ന വിവരം അറിയിക്കുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ താങ്കളുടെ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിയായ വിവരാവകാശ കമ്മീഷണർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ
അപ്പലേറ്റ് അതോറിറ്റി